"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്-സമാശ്വാസ തൊഴിൽദാന പദ്ധതി -പാലക്കാട് മുനിസിപ്പാലിറ്റിയിൽ സാനിറ്റേഷൻ വർക്കർ -മരണപ്പെട്ട ശ്രീ.സുബ്രമണ്യൻ. കെ-യുടെ മകൻ ശ്രീ.വീരേന്ദ്രൻ.എസ്-ന് സാനിറ്റേഷൻ വർക്കർ തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇയു)വകുപ്പ്**

സ.ഉ.(കൈ) നം.57/2025/LSGD തീയതി,തിരുവനന്തപുരം, 26-03-2025

---

പരാമർശം:-
1. സ.ഉ(പി) നം.12/99/ഉ.ഭ.പ.വ തീയതി 24.05.1999
2. സ.ഉ.(പി) നം.12/2023/ഉഭപവ തീയതി 14.07.2023
3. ശ്രീ.വീരേന്ദ്രൻ.എസ് സമർപ്പിച്ച 17.09.2021 തീയതിയിലെ ആശ്രിതനിയമന അപേക്ഷ
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 16.10.2024-ലെ LSGDIPD/10307/2024-DEF7 നമ്പർ കത്ത്
5. പാലക്കാട് ജില്ലാ കളക്ടറുടെ 04.03.2025 തീയതിയിലെ DCPKD/15567/2024-A3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് മുനിസിപ്പാലിറ്റിയിൽ സാനിറ്റേഷൻ വർക്കറായി സേവനമനുഷ്ഠിക്കവെ 26.10.2019 തീയതിയിൽ മരണപ്പെട്ട ശ്രീ.സുബ്രമണ്യൻ.കെ-യുടെ മകൻ ശ്രീ.വീരേന്ദ്രൻ.എസ് (മധുരവീരൻ കോളനി, കുന്നുംപുറം, ശുക്രവാരത്തോട്, കൽപാത്തി പി.ഒ പാലക്കാട് പിൻ 678003) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ശ്രീ.സുബ്രമണ്യൻ -ന്റെ സേവനകാലം 17വർഷം 11 മാസം, 13 ദിവസവുമാണ്. സർവീസ് സർട്ടിഫിക്കറ്റ് പ്രകാരം പരേതന്റെ ജനന തീയതി 05.02.1961, സർവീസിൽ പ്രവേശിച്ച തീയതി 18.05.2001 എന്നിങ്ങനെയാണ്. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറും, പാലക്കാട് ജില്ലാ കളക്ടറും അപേക്ഷകന് ജോലി നൽകുന്നതിന് പരാമർശം 4,5 പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

2) ശ്രീ.വീരേന്ദ്രൻ .എസ്. ന്റെ വിദ്യാഭ്യാസയോഗ്യത 9ാം ക്ലാസ്സാണ്. ടിയാന്റെ ജനന തീയതി 30.05.1999 എന്നതുമാണ്. ടിയാൻ ആശ്രിത നിയമനത്തിനുള്ള അപേക്ഷ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ (17.09.2021) സമർപ്പിച്ചുണ്ട്. ഈ ജോലിക്കായി ശ്രീ.സുബ്രമണ്യൻ -ന്റെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്ന് പാലക്കാട് നഗരസഭാസെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. അപേക്ഷകന് ജോലി നൽകുന്നതിന് സമ്മതമാണെന്ന് മറ്റ് അവകാശികൾ സമ്മതപത്രം നൽകിയിട്ടുണ്ട്. ടിയാന്റെ കുടുബവാർഷിക വരുമാനം ₹78000/-(എഴുപത്തിഎട്ടായിരം രൂപ മാത്രം) ആണെന്ന് പാലക്കാട് II വില്ലേജ് ഓഫീസർ അറിയിച്ചിട്ടുണ്ട്. ടിയാൻ വിവാഹിതനാണ്. അപേക്ഷകൻ പിതാവിന്റെ മരണം വരെ പരേതന്റെ ആശ്രിതനായിരുന്നു എന്ന് പാലക്കാട്

തഹസീൽദാർ സാക്ഷ്യപത്രം നൽകിയിട്ടുമുണ്ട്. പാലക്കാട് ജില്ലയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിലേക്കാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ടിയാൻ ടി തസ്തികയിലേക്ക് യോഗ്യത നേടിയിട്ടുമുണ്ട്.

3) 21.02.2018-ലെ സ.ഉ(കൈയെഴുത്ത്) നം.5/2018/ഉഭപവ നമ്പർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ആശ്രിതരെ സംരക്ഷിച്ചു കൊള്ളാമെന്നുള്ള സംരക്ഷണ സമ്മതമൊഴിയും ടി സംരക്ഷണ സമ്മതമൊഴി ലംഘിക്കുന്ന പക്ഷം പരാമർശം (2) ഉത്തരവ് പ്രകാരം പ്രതിമാസ അടിസ്ഥാന ശമ്പളത്തിൽ നിന്നും 25% തുക പിടിക്കുന്നതിനായുള്ള സമ്മതപത്രവും നൽകിയിട്ടുണ്ട്.

4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പാലക്കാട് മുനിസിപ്പാലിറ്റിയിൽ സാനിറ്റേഷൻ വർക്കറായി സേവനമനുഷ്ഠിക്കവെ 26.10.2019 തീയതിയിൽ മരണപ്പെട്ട ശ്രീ.സുബ്രമണ്യൻ.കെ-യുടെ മകൻ ശ്രീ.വീരേന്ദ്രൻ .എസ്.-ന് പാലക്കാട് ജില്ലയിൽ ഏതെങ്കിലും നഗരസഭയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ ടി ആശ്രിത നിയമനം ഈ തസ്തികയിലെ ആകെ നിയമനത്തിന്റെ 5%- ത്തിൽ അധികരിക്കരുതെന്ന വ്യവസ്ഥയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു .

5) പ്രിൻസിപ്പൽ ഡയറക്ടർ/ബന്ധപ്പെട്ട നഗരസഭാസെക്രട്ടറി ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽ പറഞ്ഞ അപേക്ഷകന് നിയമന ഉത്തരവ് നൽകേണ്ടതാണ്. ടിയാനെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകന് നൽകുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

6) ടി ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷകൻ തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, എൽഎസ്ജിഡി, തിരുവനന്തപുരം
ജില്ലാ കളക്ടർ, പാലക്കാട്
സെക്രട്ടറി ,പാലക്കാട് നഗരസഭ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്), കേരള , തൃശ്ശൂർ
ശ്രീ.വീരേന്ദ്രൻ .എസ്.-മധുരവീരൻ കോളനി, കുന്നുംപുറം, ശുഖുവാരത്തോട് കൽപാത്തി പി.ഒ
പാലക്കാട് പിൻ 678003)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 27-03-2025 10:14:01
സെക്ഷൻ ഓഫീസർ